samakalikamalayalam.com
06 May 2025

# 'നാലുവയസുകാരിയുടെ കൗതുകം കണ്ട് അമ്മയുടെ അന്വേഷണം'; കണ്ടെത്തിയത് പുതിയ ഭൂഗർഭമത്സ്യത്തെ

*തന്റെ പേരിൽ ഒരു മത്സ്യം അറിയപ്പെടുന്ന സന്തോഷത്തിലാണ് ഇപ്പോൾ മൂന്നാം ക്ലാസുകാരി ജൂഹു.*

കോഴിക്കോട്: വീട്ടിലെ കിണറ്റിൽ നിന്ന് ശേഖരിച്ച വെള്ളത്തിൽ കളിക്കുന്നതിനിടെയായാണ് നാലുവയസുകാരി ജുഹുവിന്റെ കണ്ണിൽ ഒരു അസാധാരണമായ മത്സ്യം ശ്രദ്ധയിൽപ്പെടുന്നത്. കുട്ടിയുടെ കൗതകം കണ്ടാണ് ഇതിനെ കുറിച്ച് കൂടുതൽ അന്വേഷിക്കാൻ അമ്മയെ പ്രേരിപ്പിച്ചത്. ഒടുവിൽ ഈ ആന്വേഷണം പുതിയ ശാസ്ത്രീയ വെളിപ്പെടുത്തലിലേക്ക് നയിച്ചു. കോഴിക്കോട് നടവണ്ണൂരിലെ വല്ലോറമലയിലെ വീട്ടിലെ കിണറ്റിൽ നിന്നാണ് ഈ ഭൂഗർഭ മത്സ്യത്ത കണ്ടെത്തിയത്

തന്റെ പേരിൽ ഒരു മത്സ്യം അറിയപ്പെടുന്ന സന്തോഷത്തിലാണ് ഇപ്പോൾ മൂന്നാം ക്ലാസുകാരി ജൂഹു. ജൂഹു എന്നു വിളിക്കുന്ന ധൻവി ധീര എന്ന പെൺകുട്ടി നാലു വയസ്സുള്ള സമയത്താണ് ബക്കറ്റിലെ വെള്ളത്തിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഈ മത്സ്യത്തെ ആദ്യമായി കാണുന്നത്. തുടർന്ന് അമ്മയായ അശ്വിനി ലാലുവിനെ ഇത് അറിയിക്കുകയും അവർക്ക് ഈ മത്സ്യത്തോട് തോന്നിയ ഒരു കൗതുകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ ബി പ്രപദീപിനോട് പങ്കുവെക്കുകയും ചെയ്തു. ഈ കൗതുകമാണ് പുതിയ മത്സ്യത്തെ കണ്ടെത്താനുള്ള വഴിത്തിരിവായത്.

നടുവണ്ണൂരിലെ വല്ലോറ മലയിൽ, മലോൽ കാർത്യായനി അമ്മയുടെ വീട്ടിലെ കിണറിൽനിന്നാണ് അശ്വിനി ലാലുവും, പരിസരത്തെ വീട്ടുകാരും ആവശ്യത്തിനുള്ള വെള്ളം പമ്പ് ഉപയോഗിച്ച് ടാങ്കിലേക്ക് അടിക്കാറുണ്ടായിരുന്നത്. ഈ കിണറിൽനിന്നാണ് ഭൂഗർഭ മത്സ്യത്തെ കണ്ടെത്തിയത്. ഈ കിണറിലേക്ക് അടിയൊഴുക്കായി വെള്ളം വരുകയും അതേപോലെ കിണറിൽനിന്ന് താഴോട്ട് നീർച്ചാൽ ആയി വെള്ളം പോവുകയും ചെയ്യുന്നുണ്ട്.

ഡോ. കെആർ ശ്രീനാഥ്, ഡോ. ബി പ്രദീപ്, ഡോ. കെആർ അജു, ഡോ. സന്ധ്യ സുകുമാരൻ, ഡോ. വിൽസൺ സെബാസ്റ്റ്യൻ, ഡോ. ആൽവിൻ ആന്റോ, ഡോ. ഗ്രിൻസൺ ജോർജ് എന്നിവർ ചേർന്നാണ് ഗവേഷണം നടത്തിയത്. ഇപ്പോൾ കണ്ടുപിടിച്ച പാൻജിയോ ജുഹുവക്ക് മുമ്പേ കണ്ടെത്തിയ ഇനങ്ങളെ അപേക്ഷിച്ച് മുതുകിലെ ചിറകുണ്ട്. ഇത് കൂടാതെ ഇവയുടെ കണ്ണുകളും വലുതാണ്. അതിനാൽ മറ്റ് രണ്ട് ഇനങ്ങളിൽനിന്ന് ഈ മത്സ്യം വ്യത്യസ്തമാണെന്ന് ഡോ. ശ്രീനാഥ് പറഞ്ഞു.

ഡോ. പ്രദീപിന്റെ അഭിപ്രായത്തിൽ 2021 മുതൽ പ്രത്യേകിച്ച് മഴക്കാലത്ത് ഈ കിണറ്റിൽനിന്നും സമീപപ്രദേശങ്ങളിലെ മറ്റു ചില കിണറുകളിൽനിന്നും ഈ മത്സ്യത്തെ കണ്ടതായി ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽനിന്ന് രണ്ട് വ്യത്യസ്ത തരം ഭൂഗർഭ മത്സ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശത്തിന് സമ്പന്നമായ ഭൂഗർഭ ആവാസവ്യവസ്ഥയുണ്ടെന്നും അതിൽ ഇനിയും കണ്ടെത്തപ്പെടാത്ത നിരവധി ജീവികൾ ഉണ്ടെന്നും സൂചന നൽകുന്നു. ഈ ഭൂഗർഭ ആവാസവ്യവസ്ഥയെയും അതിൽ വസിക്കുന്ന അതുല്യമായ ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടത് ഈ കാലഘട്ടത്തിൽ വളരെ അനിവാര്യമാണ് -അദ്ദേഹം പറഞ്ഞു.

കെവികെയിലെ ഡോ. ബി. പ്രദീപും, കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. കെആർ ശ്രീനാഥിന്റെ നേതൃത്വത്തിലുള്ള സംഘമാണ് മത്സ്യത്തെ പറ്റിയുള്ള ഗവേഷണം നടത്തിയത്. തുടർന്ന് ഈ മത്സ്യം പുതിയ ഇനം മത്സ്യമാണെന്ന് കണ്ടെത്തി. മത്സ്യത്തെ ആദ്യമായി കണ്ടെത്തിയ കുഞ്ഞ് ജൂഹുവിനോടുള്ള ബഹുമാനാർഥം ഈ മത്സ്യത്തിന് പാൻജിയോ ജുഹുവേ എന്ന് പേര് നൽകി. ഈ മത്സ്യത്തെ പറ്റിയുള്ള ഗവേഷണ പ്രബന്ധം ഇന്ത്യൻ ജനൽ ഓഫ് ഫിഷറീസ് 2025 ജനുവരി-മാർച്ച് ലക്കത്തിൽ 'ദക്ഷിണേന്ത്യയിൽനിന്ന് ഒരു പുതിയ ഇനം ട്രോഗ്ലോബൈറ്റിക് ഈൽലോച്ചിനെ കണ്ടെത്തി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.